# കൂട്ടിലെ പാട്ട്

ജയനാരായണൻ തൃക്കാക്കര



മലയുടെയരികിൽ മാമരമുകളിൽ
മൈനപ്പെണ്ണിൻ കൂടുണ്ട്
മൈനപ്പെണ്ണിനു കൂട്ടായ് കൂട്ടിൽ
മൈനപ്പെണ്ണിൻ കുഞ്ഞുണ്ട്
മഞ്ഞായാലും മഴയായാലും
മൈനക്കൂട്ടിൽ പാട്ടുണ്ട്.
മൈനപ്പെണ്ണിൻ പാട്ടിൽ മയങ്ങി
മാനത്തമ്പിളി നിൽപ്പുണ്ട്
മാമൻ പോറ്റും മാൻപേടക്കീ-
മണ്ണിൽ വരുവാൻ കൊതിയുണ്ട്
മൈനപ്പെണ്ണിൻ പാട്ടുകൾ കേട്ടീ-
മണ്ണിൽ വസിക്കാൻ കൊതിയുണ്ട്!

# പൂച്ചക്കുട്ടികൾ

സത്യചന്ദ്രൻ പൊയിൽക്കാവ്



പൂച്ചയ്ക്ക് കുട്ടികൾ നാലാണ്
പത്തായച്ചോട്ടിലിരിപ്പാണ്
പുസ്തകമൊന്നും തുറക്കേണ്ട
സ്കൂളിൽ പോകാൻ കുളിക്കേണ്ട
മ്യാവൂ മ്യാവൂ ചൊല്ലേണം
മാളത്തിലെലിയെ തിരയേണം

കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്താൻ അധികാരമുള്ളത് – സ്പീക്കർക്ക്